Reg. No. : ...............................

Name : ...................................

**FY 535**

# FIRST YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2025

## Part – III

## ECONOMICS

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Calculations, figures and graphs should be shown in the answer sheet itself.*
- *Malayalam version of the questions is also provided.*
- *Give equations wherever necessary.*
- *Electronic devices except non programmable calculators are not allowed in the Examination Hall.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

Score

**1 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരം എഴുതുക.**
**1 സ്കോർ വീതം.** **(8×1=8)**

1. ധവള വിപ്ലവം ബന്ധപ്പെട്ടിരിക്കുന്നത്

   a) പാൽ ഉത്പ്പാദനം

   b) ഗോതമ്പ് ഉത്പ്പാദനം

   c) പച്ചക്കറി

   d) മത്സ്യ ഉത്പ്പാദനം

2. താഴെ കൊടുത്തിരിക്കുന്നവയിൽ പ്രാഥമിക ദത്തത്തിന് ഉദാഹരണമാണ്

   a) ബുക്ക്

   b) ജേർണൽ

   c) പത്രം

   d) സെൻസസ് റിപ്പോർട്ട്

3. ഒരു സഹബന്ധം നെഗറ്റീവാകുന്നത്

   a) X വർദ്ധിക്കുമ്പോൾ Y വർദ്ധിക്കുന്നു

   b) X കുറയുമ്പോൾ Y കുറയുന്നു

   c) X കൂടുമ്പോൾ Y കുറയുന്നു

   d) ഇവയൊന്നുമല്ല

4. താഴെ കൊടുത്തിരിക്കുന്നവയിൽ ഓസോൺ ശോഷണത്തിന് ഒരു കാരണമേത് ?

   a) ജലമലിനീകരണം

   b) ഭൂമിശോഷണം

   c) ശബ്ദമലിനീകരണം

   d) ക്ലോറോ ഫ്ലൂറോ കാർബൺ

Score

5. കേരള സർക്കാരിന്റെ ദാരിദ്ര്യ നിർമ്മാർജന വിഭാഗമാണ്

a) സാക്ഷരതാ മിഷൻ

b) കുടുംബശ്രീമിഷൻ

c) സാമൂഹിക സുരക്ഷ മിഷൻ

d) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

6. താഴെ കൊടുത്തിട്ടുള്ളവയിൽ ബഹുലകത്തിന്റെ മൂല്യം നൽകുന്ന ഡയഗ്രം ഏതാണ് ?

a) പൈ ഡയഗ്രം

b) ഹിസ്റ്റോഗ്രാം

c) ബാർ ഡയഗ്രം

d) ഒജിവ്

7. കാർവ് കമ്മിറ്റി ബന്ധപ്പെട്ടിരിക്കുന്നത്

a) വൻകിട വ്യവസായം

b) ചെറുകിട വ്യവസായം

c) കൃഷി

d) സേവന മേഖല

8. ഉപഭോക്തൃ വില സൂചികയുടെ മറ്റൊരു പേരാണ്

a) മൊത്തവില സൂചിക

b) ജീവിത ചെലവ് സൂചിക

c) സെൻസെക്സ്

d) കാർഷിക ഉൽപ്പന്ന സൂചിക

Score

9. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ ഭാഗികമായി സ്വകാര്യ മേഖലയ്ക്ക് വിൽക്കുന്നതാണ്

   a) ആഗോളവത്കരണം

   b) പുറംപണിക്കരാർ

   c) ഉദാരവത്ക്കരണം

   d) മൂലധന നിക്ഷേപ സ്വകാര്യവത്ക്കരണം

10. താഴെ കൊടുത്തിരിക്കുന്നവയിൽ രാജ്യത്തിന്റെ തൊഴിൽ സാഹചര്യം വിശകലനം ചെയ്യാൻ ഉപയോഗിക്കുന്നത്

   a) മാനവ വികസന സൂചിക

   b) തൊഴിലാളി ജനസംഖ്യ അനുപാതം

   c) തലയെണ്ണൽ അനുപാതം


   d) സാക്ഷരതാ നിരക്ക്

**11 മുതൽ 15 വരെ ചോദ്യങ്ങളിൽ എന്തെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. 2 സ്കോർ വീതം.** **(4×2=8)**

11. സാമ്പത്തിക ശാസ്ത്രത്തിൽ സാംഖികത്തിന്റെ പ്രാധാന്യം ചുരുക്കി എഴുതുക.

12. WTO യെക്കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.


13. ചാർട്ട് പൂർത്തീകരിക്കുക.




14. പരിസ്ഥിതിയുടെ ധർമ്മങ്ങൾ ലിസ്റ്റ് ചെയ്യുക.

Score

15. ഫ്ലോചാർട്ട് പൂർത്തികരിക്കുക.




**16 മുതൽ 20 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക.**
**3 സ്കോർ വീതം.** **(4×3=12)**

16. ഹരിത വിപ്ലവത്തിന്റെ മേന്മകൾ ചുരുക്കി എഴുതുക.

17. പരീക്ഷണ സർവ്വേ എന്നാൽ എന്ത് ? പരീക്ഷണ സർവ്വേയുടെ രണ്ട് മേന്മകൾ എഴുതുക.

18. ഒരു ലഘുബാർ ഡയഗ്രം വരയ്ക്കുക.

| ഗതാഗതമാർഗ്ഗം | ആവൃത്തി |
|---|---|
| നടത്തം | 30 |
| സൈക്ലിംഗ് | 15 |
| കാർ | 40 |
| ബസ് | 18 |
| തീവണ്ടി | 5 |

Score

**19.** 2017-2018 വർഷത്തിൽ ഇന്ത്യയിലെ തൊഴിലാളി ജനസംഖ്യ അനുപാതമാണ് താഴെ കൊടുത്തിരിക്കുന്നത്. വിശകലനം ചെയ്യുക.

| ലിംഗം | തൊഴിലാളി ജനസംഖ്യ അനുപാതം | | |
|---|---|---|---|
| | ആകെ | ഗ്രാമം | നഗരം |
| പുരുഷൻ | 52.1 | 51.7 | 53.0 |
| സ്ത്രീ | 16.5 | 17.5 | 14.2 |
| **ആകെ** | 34.7 | 35.0 | 33.9 |

**20.** കേവല സഞ്ചിത വിലസൂചിക കണക്കാക്കുക.

| വസ്തുക്കൾ | വില യൂണിറ്റിന് | |
|---|---|---|
| | അടിസ്ഥാന വർഷ വില | നടപ്പുവർഷ വില |
| A | 90 | 120 |
| B | 10 | 17 |
| C | 40 | 60 |
| D | 50 | 95 |

**21 മുതൽ 25 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക.**
**4 സ്കോർ വീതം.** **(4×4=16)**

**21.** താഴെ കൊടുത്തിരിക്കുന്നവ ചുരുക്കി എഴുതുക.

a) മഹത്തായ കുതിച്ചുചാട്ടം.

b) തൊഴിലാളി സാംസ്കാരിക വിപ്ലവം.

**22.** കോളം A യെ കോളം B യുമായി ശരിയായി യോജിപ്പിക്കുക.

| | A | B |
|---|---|---|
| a. | സ്പിയർമാൻ | r = 0 |
| b. | സഹബന്ധം ഇല്ല | സഹബന്ധ ഗുണാങ്കം |
| c. | പൂർണ്ണ പോസിറ്റീവ് സഹബന്ധം | റാങ്ക് സഹബന്ധം |
| d. | കാൾ പിയേഴ്സൺ | r = 1 |

Score

23. താഴെ കൊടുത്തിരിക്കുന്ന മാനുഷിക മൂലധനത്തിന്റെ ഉറവിടങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.

a) വിദ്യാഭ്യാസത്തിലുള്ള നിക്ഷേപം

b) ആരോഗ്യത്തിലുള്ള നിക്ഷേപം.

24. കൊളോണിയൽ കാലഘട്ടങ്ങളിലെ ഇന്ത്യയുടെ ജനസംഖ്യാഘടനയുടെ പ്രധാന സവിശേഷതകൾ എടുത്തു കാണിക്കുക.

25. a) സെൻസസ് സർവ്വേയും സാമ്പിൾ സർവ്വേയും വേർതിരിച്ചെഴുതുക. (2)

b) ദേശീയ തലത്തിൽ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്ന ഏതെങ്കിലും രണ്ട് ഏജൻസികളുടെ പേര് നൽകുക. (2)

**26 മുതൽ 30 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. 5 സ്കോർ വീതം.** (4×5=20)

26. ഹിസ്റ്റോഗ്രാമിന്റെ സഹായത്തോടെ ആവൃത്തി ബഹുഭുജം (frequency polygon) വരയ്ക്കുക.

| ക്ലാസ്സ് | ആവൃത്തി |
|---|---|
| 0 – 10 | 10 |
| 10 – 20 | 18 |
| 20 – 30 | 22 |
| 30 – 40 | 26 |
| 40 – 50 | 20 |
| 50 – 60 | 18 |

27. പ്രാഥമിക ദത്തങ്ങൾ ദ്വിതീയ ദത്തത്തിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു ? ദത്തങ്ങളുടെ ശേഖരണരീതി ലിസ്റ്റ് ചെയ്യുക.

28. സുസ്ഥിര വികസന തന്ത്രങ്ങളെക്കുറിച്ച് ഒരു ലഘു വിവരണം തയ്യാറാക്കുക.

29. a) ആഗോളവത്കരണത്തെക്കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക. (3)

b) 'ആഗോളവത്കരണ പ്രക്രിയയുടെ പ്രധാന ഫലങ്ങളിലൊന്നാണ് പുറംപണികരാർ'. ചർച്ച ചെയ്യുക. (2)

30. ഉൾച്ചേർക്കൽ രീതിയും ഒഴിവാക്കൽ രീതിയും താരതമ്യം ചെയ്യുക. ഓരോന്നിന്റെയും ഉദാഹരണങ്ങൾ നൽകുക.

Score

**31 മുതൽ 33 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക.**
**8 സ്കോർ വീതം.** (2×8=16)

31. a) ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെ കാരണങ്ങൾ വിശദീകരിക്കുക. (5)

b) കേരളത്തിലെ ദാരിദ്ര്യനിർമ്മാർജ്ജനത്തെക്കുറിച്ച് ഒരു ചെറിയ കുറിപ്പ് തയ്യാറാക്കുക. (3)

32. മാധ്യം, മധ്യാങ്കം, ബഹുലകം എന്നിവ കണക്കാക്കുക.

| മാർക്ക് | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| 0 – 10 | 7 |
| 10 – 20 | 5 |
| 20 – 30 | 20 |
| 30 – 40 | 12 |
| 40 – 50 | 6 |

33. a) കാർഷിക വിപണനം കൊണ്ട് അർത്ഥമാക്കുന്നതെന്ത് ? (2)

b) ഗ്രാമീണ വിപണി സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് ആരംഭിച്ച നടപടികളെക്കുറിച്ച് ചർച്ച ചെയ്യുക. (4)

c) ബദൽ വിപണനമാർഗ്ഗങ്ങൾക്ക് രണ്ട് ഉദാഹരണമെഴുതുക. (2)